വാരാന്ത്യപതിപ്പ് ലക്കം- 1 | MAY 23 - MAY 29

# മനസ്സ് നന്നാവട്ടെ

സെന്റ്. തോമസ് കോളജ് (ഓട്ടോണമസ്), തൃശ്ശൂർ
എൻ എസ് എസ് യൂണിറ്റ് 42 & 144

## ഉള്ളടക്കം

എൻ.എസ്.എസ് വാർത്തകൾ

അറിവ് പകർന്ന് വെബിനാർ
പേജ് 1

ചരിത്രം കുറിക്കാൻ പോഡ്കാസ്റ്റ്
പേജ് 2

സമ്മാനതുക 'അഭയത്തിന്'
പേജ് 2

പകിട്ടോടെ 'ആഭേരി'
പേജ് 3

ചോദ്യം ഉത്തരം
പേജ് 3

അക്ഷരാഗ്നി
പേജ് 4

ചിന്താവിഷയം
പേജ് 6




ഇൻസ്റ്റഗ്രാമിലെ പുസ്തക കാഴ്ച്ച എന്ന മത്സരത്തിലെ മികവുറ്റതും, ഏറ്റവും ജനപ്രീതി ലഭിക്കുകയും ചെയ്ത വൊളണ്ടിയർ ദിൽറുബ കെ.സിയുടെ ചിത്രം.

# എൻ.എസ്.എസ്. വാർത്തകൾ




## അറിവ് പകർന്ന് വെബിനാർ

ലോക ആർത്തവ ശുചിത്വ ദിനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച നാഷണൽ വെബിനാറിന്റെ ഉദ്ഘാടനം പ്രിൻസിപ്പൽ ഡോ. കെ.എൽ ജോയ് നിർവ്വഹിച്ചു. ആർത്തവ കാലത്തെ ആരോഗ്യവും ശുചിത്വവും എന്ന വിഷയത്തിൽ ഡോ. ഐശ്വര്യ മോഹനൻ ബി.എ.എം. എസ് ( എ.വി.എൻ ഹോസ്പ്പിറ്റൽ മധുരൈ) വിദ്യാർത്ഥികൾക്ക് ക്ലാസ്സെടുത്തു. എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർമാരായ ഡോ.ഡെയ്സ്- ലാൻഡ് തട്ടിൽ, പ്രൊഫ.രഞ്ജിത്ത് വർഗീസ് എന്നിവർ സംസാരിച്ചു. വിദ്യാർത്ഥികളിലെ സംശയങ്ങൾ പരിഹരിക്കാനും, പുതിയ അറിവുകൾ പകരാനും സാധിച്ച ക്ലാസ്സായിരുന്നു. .



# ചരിത്രം കുറിക്കാൻ പോഡ്കാസ്റ്റ്

എൻ.എസ്.എസിന്റെ നേതൃത്വത്തിലാരംഭിച്ച സോഷ്യോ പോഡ്സ് - ഓഡിയോ പോഡ്കാസ്റ്റിന്റെ ഉദ്ഘാടനം പ്രിൻസിപ്പൽ ഡോ. ജോയ് കെ.എൽ നിർവ്വഹിച്ചു. കോളേജിൽ ആദ്യമായാണ് ഇത്തരമൊരു പദ്ധതി ആരംഭിക്കുന്നത്.
സോഷ്യോ പോഡ്സിന്റെ ആദ്യ ദിനത്തിൽ എൻ.എസ്. എസ് വൊളണ്ടിയർ പാർവ്വതി ശർമ്മ ആർത്തവ ശുചിത്വം എന്ന വിഷയവുമായി ബന്ധപ്പെട്ട സംശയങ്ങൾ തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ ഗൈനക്കോളജി വിഭാഗം ഡോക്ടറും, അസോസിയേറ്റ് പ്രൊഫസറുമായ, ഡോ. അജിനി വിജോയിയുമായി സംസാരിച്ച് ദൂരീകരിച്ചു.







# സമ്മാനതുക 'അഭയത്തിന് '

ഇൻസ്റ്റഗ്രാമിലെ പുസ്തക കാഴ്ച്ച എന്ന മത്സരത്തിൽ വൊളണ്ടിയർ ദിൽറുബ കെ.സി.യുടെ പോസ്റ്റ് മികച്ച ഫോട്ടോയായും, ഏറ്റവും അധികം ലൈക്ക് ലഭിച്ച ഫോട്ടോയായും തിരഞ്ഞെടുത്തിരുന്നു. ഈ സമ്മാനത്തുക നമ്മുടെ ഭവന നിർമ്മാണ പദ്ധതിയായ 'അഭയ'ത്തിന്റെ ഭാഗമായി നടത്തുന്ന ധനസമാഹരണത്തിലേക്ക് കൈമാറി.






## പകിട്ടോടെ 'ആഭേരി'

എൻ.എസ്.എസിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ആഭേരി - ഗാനാലാപന മത്സരം സമാപിച്ചു. ഓൺലൈനായി നടത്തിയ മത്സരത്തിൽ അമ്പതിലധികം മത്സരാർത്ഥികൾ പങ്കെടുത്തു. ഫല പ്രഖ്യാപനം ജൂൺ ആദ്യവാരത്തോടെ ഉണ്ടാകുമെന്ന് കമ്മിറ്റി അധികൃതർ അറിയിച്ചു. പ്രവേശനനിരക്കായ് ലഭിച്ച മുഴുവൻ തുകയും 'അഭയം' ഭവന നിർമ്മാണ പദ്ധതിയിലേക്കു വകയിരുത്തി.



### ചോദ്യം ഉത്തരം

**ചോ.** എൻ.എസ്. എസ് ഔപചാരികമായി ഉദ്ഘാടനം ചെയ്യപ്പെട്ടത് എന്ന്?

**ഉ. 1969 സെപ്റ്റംബർ 24**

# അക്ഷരാഗ്നി - മാറുന്ന വിദ്യാഭാസരംഗം

**-എം. ശ്രീഹരി**

പുതിയൊരു  അധ്യായന വർഷം കൂടി പടി വാതിലിലെത്തി നിൽക്കുമ്പോൾ ഇന്ത്യയുടെ മാറുന്ന വിദ്യാഭ്യാസ രംഗത്തെ നമുക്കൊന്ന് നോക്കി കാണാം.
മൂന്നര പതിറ്റാണ്ടുകൾക്ക് ശേഷം ഒരു പുതിയ വിദ്യാഭ്യാസ നയത്തിന് ഇന്ത്യ തയ്യാറെടുക്കുകയാണ്. ഐ.എസ്.ആർ.ഒ മുൻ ചെയർമാൻ ഡോ. കെ. കസ്തൂരിരംഗൻ ചെയർമാനായി പുതിയ കമ്മിറ്റിയെ  കേന്ദ്ര സർക്കാർ നിയോഗിച്ചു. രാജ്യത്തുടനീളം തദ്ദേശസ്ഥാപനങ്ങളിൽ വച്ച് നടത്തിയ കരട് ചർച്ചയിൽ ലക്ഷക്കണക്കിനു നിർദ്ദേശങ്ങളാണ് മുന്നോട്ടുവന്നത്, എല്ലാം വിശദമായി വിലയിരുത്തി 2019 ൽ കസ്തൂരിരംഗൻ കമ്മിറ്റി ദേശീയ വിദ്യാഭ്യാസ നയം സമർപ്പിച്ചു. പരിഷ്കരിച്ച പുതിയ വിദ്യാഭ്യാസ നയത്തിന് കഴിഞ്ഞവർഷാവസാനം കേന്ദ്ര കാബിനറ്റ് അംഗീകാരം നൽകി.
സ്കൂൾ തലത്തിലും കോളേജ് തലത്തിലും സമഗ്ര അഴിച്ചു പണിയാണ് നയം മുന്നോട്ടുവയ്ക്കുന്നത്. ആയതിനാൽ, പത്തു വർഷമെങ്കിലും ഈ നയം നടപ്പിലാക്കാൻ വേണ്ടിവരുമെന്നാണ് നയരേഖയിൽ തന്നെ വ്യക്തമാക്കുന്നത്. ഈ നയം പൂർണ്ണമായി യാഥാർത്ഥ്യത്തിലേക്ക് എത്തുകയാണെങ്കിൽ പത്തു വർഷങ്ങൾക്ക് ശേഷം ഇന്ത്യൻ വിദ്യാഭ്യാസ രംഗം അടിമുടി ഉടച്ചുവാർക്കപ്പെടും.

സ്കൂൾ തലം

1835 ൽ ബാബിങ്ടൺ മെക്കാളെ നിലവിൽ വരുത്തിയ വിദ്യാഭ്യാസ ഘടനയാണ് നാം ഇതുവരെ സ്കൂൾതലത്തിൽ പിന്തുടർന്നു വന്നിരുന്നത്. പുതിയ വിദ്യാഭ്യാസ നയം ഈ ആശയങ്ങളെല്ലാം പൊളിച്ചെഴുതും എന്നതിൽ യാതൊരുവിധ സംശയത്തിനും ഇടമില്ല. സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഘടന 4+3+3+2 എന്നതിൽ നിന്ന് 5+3+3+4 എന്ന രീതിയിലേക്ക് മാറ്റണം എന്ന പ്രധാന നിർദ്ദേശമാണ് കമ്മിറ്റി മുന്നോട്ടുവയ്ക്കുന്നത്. ഈ നിർദ്ദേശം പരിശോധിക്കുമ്പോൾ ഏറ്റവും ശ്രദ്ധേയം പ്രീപ്രൈമറി  വിദ്യാഭ്യാസം നിർബന്ധിത വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കി തീർത്തു എന്നതാണ്.

6 വയസ്സുമുതൽ 14 വയസ്സുവരെയുള്ള വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം മൗലിക അവകാശമാക്കി ഭരണഘടന തിരുത്തിയെഴുതി ഒരു ദശാബ്ദം പിന്നിടുമ്പോഴേക്കുമാണ് 18 വയസ്സുവരെ നിർബന്ധിത സൗജന്യ വിദ്യാഭ്യാസം വിഭാവനം ചെയ്യപ്പെടുന്നത് എന്നത് വളരെ പ്രസക്തമാണ്. ആദ്യഘട്ടത്തിൽ പാഠപുസ്തകങ്ങൾ ഇല്ലാതെയും രണ്ടാംഘട്ടത്തിൽ വിഷയങ്ങളുടെ ഏഴ് പിരിവുകൾ ഇല്ലാതെയും അതിനുശേഷം വിഷയങ്ങൾ വേർതിരിച്ചും അവസാന നാലു വർഷം ഇഷ്ടവിഷയം തിരഞ്ഞെടുത്ത് ഉന്നത വിദ്യാഭ്യാസ രീതി പോലെ സെമസ്റ്റർ അടിസ്ഥാനത്തിൽ പഠനം പൂർത്തിയാക്കുന്ന രീതിയായിരിക്കും അവലംബിക്കുക. സ്കൂൾതലത്തിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം എന്ന ഏഴ് പതിറ്റാണ്ട് പഴക്കമുള്ള മുതലിയാർ കമ്മീഷൻ റിപ്പോർട്ടിന്റെ ആശയത്തിന് കൂടിയാണ് കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ട് പുതുജീവൻ നൽകുന്നത്. പഠനത്തോട് കൂടി തന്നെ തൊഴിൽ പരിശീലനവും അധ്യയനവർഷത്തിൽ ബാഗുകളും പുസ്തകങ്ങളും ഇല്ലാത്ത അധ്യയന ദിവസങ്ങൾ

കൂടി റിപ്പോർട്ട് മുന്നോട്ടുവെക്കുന്നുണ്ട്. സ്കൂൾ അധ്യാപന രംഗത്തും സമഗ്ര അഴിച്ചു പണിയാണ് നയം മുന്നോട്ടുവെയ്ക്കുന്നത് സെക്കന്ററി അധ്യാപകർക്ക് വേണ്ട കോഴ്സ് ആയ ബി.എഡ് നാലു വർഷമായി ഉയർത്താനാണ് കമ്മിറ്റി നിർദേശിക്കുന്നത്, പ്രൈമറിതലത്തിൽ അദ്ധ്യാപനം നടത്താൻ അധ്യാപക ഡിപ്ലോമ കോഴ്സുകൾ കൊണ്ടുവരുമെന്നാണ് നയരേഖ പറയുന്നത്.

ഉന്നത വിദ്യാഭ്യാസം

ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവിലുള്ള സമവാക്യങ്ങളെ തിരുത്തി എഴുതുകയാണ് കസ്തൂരിരംഗൻ കമ്മിറ്റി. 1858 ൽ രൂപീകൃതമായ ചെന്നൈ, ബോംബെ, കൽക്കട്ട മാതൃകയിൽ അഫിലിയേറ്റഡ് കോളേജുകൾ സുപ്രധാന ഘടകമായിരുന്നു, ഇപ്പോഴും ഈ സമ്പ്രദായമാണ് നമ്മൾ പ്രധാനമായും പിന്തുടർന്നുവരുന്നത് എന്നാൽ പുതിയ വിദ്യാഭ്യാസ നയം വിഭാവനം ചെയ്യുന്നത് കോളേജുകൾ എല്ലാം ഓട്ടോണമസ് ആകുന്ന അവസ്ഥയാണ്. അങ്ങനെയാണെങ്കിൽ നമ്മുടെ രാജ്യത്ത് സർവ്വകലാശാലകൾ എന്നുള്ള സങ്കല്പം തന്നെ പുനർനിർവചിക്കേണ്ടതായി വരും. ഓട്ടോണമസ് അധികാരങ്ങളെല്ലാം വ്യത്യസ്ത ഗ്രേഡുകൾ തിരിച്ച് നൽകാനാണ് സമിതി ശുപാർശ ചെയ്യുന്നത്. ഓട്ടോണമസ് കോളേജുകളുടെ വർദ്ധനവ് കലാലയ രാഷ്ട്രീയം എന്ന ആശയത്തെ തുടച്ച് നീക്കുമോ എന്ന് ഭയം ഒരു വിഭാഗം പ്രതികരണശേഷിയുള്ള തലമുറ മുന്നോട്ടുവെക്കുന്നുണ്ട്.
ബിരുദകോഴ്സുകൾ മൂന്നുവർഷവും,നാലു വർഷവും ഉള്ളവ ഉണ്ടാകണമെന്ന് നയരേഖ നിർദ്ദേശിക്കുന്നുണ്ട്. അവിടെയാണ് മൾട്ടിപ്പിൾ എൻട്രി എക്സിറ്റ് നിർദേശം സുപ്രധാനം ആകുന്നത്, ബിരുദത്തിന് ചേർന്ന് ഒരു വർഷം പൂർത്തിയാകുമ്പോൾ ഡിപ്ലോമ സർട്ടിഫിക്കറ്റോടെ പുറത്തിറങ്ങാനും തുടർന്ന് താല്പര്യമനുസരിച്ച് ഏതൊരു കോളേജിലും ബാക്കി വർഷം പൂർത്തിയാക്കുവാനും സാധിക്കും. രണ്ടുവർഷം പൂർത്തിയാക്കികഴിഞ്ഞും ഒരു ഡിപ്ലോമ സർട്ടിഫിക്കറ്റ് ലഭിക്കുന്നതായിരിക്കും. ഉന്നതവിദ്യാഭ്യാസരംഗത്ത് പ്രധാനമായും ഓൺലൈൻ വിദ്യാഭ്യാസം 40 ശതമാനമെങ്കിലും നടപ്പിലാക്കണമെന്ന കമ്മിറ്റി റിപ്പോർട്ടിനെ ചിരിച്ചു തള്ളിയവർ ഒരു കോവിഡ് കാലത്തിന് ഇപ്പുറം 90 ശതമാനം എങ്കിലും ഓൺലൈൻ വിദ്യാഭ്യാസം സുഖമമായി നടപ്പിലാക്കാമെന്ന് വാദിക്കുന്നത് കൗതുകമുണർത്തുന്ന വസ്തുതയാണ്.

ഉന്നതവിദ്യാഭ്യാസ ഭരണത്തിന്റെ കാര്യത്തിൽ യു ജി സി(UGC) യും നാകി(NAAC) നെ യും ഒറ്റ കുടക്കീഴിൽ കൊണ്ടുവന്നുകൊണ്ട് ഹയർ എഡ്യൂക്കേഷൻ കമ്മീഷൻ ഓഫ് ഇന്ത്യ എന്നാക്കി മാറ്റിയുള്ള സുപ്രധാന നിർദ്ദേശവും നമുക്ക് കാണാൻ സാധിക്കും. മാനവവിഭവശേഷി മന്ത്രാലയത്തെ വിദ്യാഭ്യാസ മന്ത്രാലയം എന്നാക്കി പേര് മാറ്റാനും കമ്മിറ്റി ശുപാർശ ചെയ്യുന്നുണ്ട്.

വളരെ സുപ്രധാനവും ഘടനാപരവുമായ നിർദ്ദേശങ്ങളാണ് ഇവിടെ വിവരിക്കാൻ ശ്രമിച്ചിരിക്കുന്നത്. പ്രായോഗികമായ ബുദ്ധിമുട്ടുകളും വെല്ലുവിളികളും ഉറപ്പായും നേരിടേണ്ടിവരും എന്നത് തീർച്ചയാണ്, തുടർന്നും പാർലമെന്റിൽ ഈ വിഷയത്തിൽ വിദഗ്ധമായ ചർച്ചകൾ പുരോഗമിക്കും എന്നതിനും സംശയമില്ല. കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ച സ്ഥിതിക്ക് ഇന്ത്യൻ വിദ്യാഭ്യാസ രംഗം അടിമുടി ഉടച്ചുവാർക്കപ്പെടും എന്നതിലും തർക്കമില്ല.ഭാവിയിലേക്കുള്ള ഒരു മികച്ച ദീർഘവീക്ഷണത്തിന്റെ അടയാളങ്ങൾ റിപ്പോർട്ടിന്റെ ഓരോ ഭാഗത്തും നമുക്ക് കാണാൻ സാധിക്കുന്നുണ്ട്.



**ചിന്താവിഷയം**:
"നിങ്ങൾ മനുഷ്യനായതു കൊണ്ട് മാത്രം
വലിയവനാകുന്നില്ല. മനുഷ്യത്വമുള്ളവനാകുമ്പോഴാണ്
വലിയവനാകുന്നത് "
-മഹാത്മാ ഗാന്ധി

**@nss_stc_42_144**